ASIAN & PACIFIC ISLANDER AMERICAN HEALTH FORUM

# എന്താണ് ദീർഘകാല കോവിഡ്?



തീവ്രമായ കോവിഡ്-19 അണുബാധയ്ക്ക് ശേഷം ഉണ്ടാകുന്നതോ തുടരുന്നതോ വര്ദ്ധിക്കുന്നതോ ആയ അടയാളങ്ങൾ, ലക്ഷണങ്ങൾ, അവസ്ഥകൾ എന്നിങ്ങനെയാണ് ദീർഘകാല കോവിഡിനെ വിശാലമായി നിർവചിച്ചിരിക്കുന്നത്.

# ഇതിനെ ഇങ്ങനെയും വിളിക്കാം....





- കോവിഡാനന്തര അവസ്ഥകൾ
- ദീർഘകാല കോവിഡ്
- പോസ്റ്റ്-അക്യൂട്ട് കോവിഡ്-19
- കോവിഡിന്റെ ദീർഘകാല ഫലങ്ങൾ
- വിട്ടുമാറാത്ത കോവിഡ്

This publication was made possible by cooperative agreement CDC-RFA-IP21-2106 from the Centers for Disease Control and Prevention (CDC) of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not represent the official views of CDC/HHS.

ASIAN & PACIFIC ISLANDER AMERICAN HEALTH FORUM

# ദീർഘകാല കോവിഡ് വസ്തുതകൾ







തീവ്രമായ കോവിഡ്-19 രോഗമുണ്ടായവരിലാണ് ദീർഘകാല കോവിഡ് കൂടുതലായി സംഭവിക്കുന്നത്,

**എന്നാൽ കോവിഡ്-19-ന് കാരണമാകുന്ന വൈറസ് ബാധിച്ച ആർക്കും ഇത് ബാധിക്കാം.**

1

വസ്തുത

**കോവിഡ്-19-നെതിരെ വാക്സിനേഷൻ എടുക്കാത്തവരും രോഗബാധിതരാകുന്നവരുമായ ആളുകൾക്ക് വാക്സിനേഷൻ എടുത്ത ആളുകളുമായി താരതമ്യപ്പെടുത്തുമ്പോൾ**

ദീർഘകാല കോവിഡ് വരാനുള്ള സാധ്യത കൂടുതലാണ്.



2

വസ്തുത



ആളുകൾക്ക് പലതവണ കൊറോണ വൈറസ് ബാധിക്കാം.



**ഓരോ തവണയും ഒരു വ്യക്തിക്ക് SARS-CoV-2 അണുബാധയുണ്ടാകുമ്പോഴോ വീണ്ടും രോഗം ബാധിക്കപ്പെടുമ്പോഴോ, അവർക്ക് ദീർഘകാല കോവിഡ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്.**



3

വസ്തുത



ദീർഘകാല കോവിഡുള്ള
മിക്ക ആളുകൾക്കും
അണുബാധയുടെയോ
കോവിഡ്-19 രോഗത്തിന്റെയോ
തെളിവുകൾ ഉണ്ടെങ്കിലും,

**ചില സന്ദർഭങ്ങളിൽ,
ദീർഘകാല കോവിഡ് ഉള്ള
ഒരാൾക്ക് വൈറസിന്
പോസിറ്റീവ് ആയി ടെസ്റ്റ്
ചെയ്യപ്പെടുകയോ അവർക്ക്
ബാധിച്ചതായി അറിയുകയോ
ചെയ്തിട്ടുണ്ടാകില്ല.**

4

വസ്തുത

This publication was made possible by cooperative agreement CDC-RFA-IP21-2106 from the Centers for Disease Control and Prevention (CDC) of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not represent the official views of CDC/HHS.

# ദീർഘകാല കോവിഡ് അടയാളങ്ങളും ലക്ഷണങ്ങളും



ലക്ഷണങ്ങൾ

# പൊതുവായത്



- ദൈനംദിന ജീവിതത്തെ തടസ്സപ്പെടുത്തുന്ന ക്ഷീണം അല്ലെങ്കിൽ മയക്കം
- ശാരീരികമോ മാനസികമോ ആയ പ്രയത്നത്തിന് ശേഷം വഷളാകുന്ന ലക്ഷണങ്ങൾ ("കഠിനാധ്വാനത്തിന് ശേഷമുള്ള അസ്വാസ്ഥ്യം„ എന്നും അറിയപ്പെടുന്നു)
- പനി

ലക്ഷണങ്ങൾ

# ശ്വസനവും ഹൃദയവും



- ശ്വസിക്കാൻ ബുദ്ധിമുട്ട് അല്ലെങ്കിൽ ശ്വാസം മുട്ടൽ
- ചുമ
- നെഞ്ച് വേദന
- വേഗത്തിൽ മിടിക്കുന്ന അല്ലെങ്കിൽ തുടിക്കുന്ന ഹൃദയം (അതിവേഗ നെഞ്ചിടിപ്പ് എന്നും അറിയപ്പെടുന്നു)

ലക്ഷണങ്ങൾ

# നാഡീ സംബന്ധം



- ചിന്തിക്കുന്നതിനോ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനോ ബുദ്ധിമുട്ട് (ചിലപ്പോൾ ”ബ്രെയിന് ഫോഗ്„ എന്ന് വിളിക്കപ്പെടുന്നു)
- തലവേദന
- നിങ്ങൾ എഴുന്നേറ്റു നിൽക്കുമ്പോൾ തലകറക്കം (മയക്കം)
- സൂചി കുത്തുന്ന പോലുള്ള തോന്നൽ
- ഗന്ധത്തിലോ രുചിയിലോ ഉള്ള മാറ്റം
- ഉറക്ക പ്രശ്നങ്ങൾ
- വിഷാദം അല്ലെങ്കിൽ ഉത്കണ്ഠ

ലക്ഷണങ്ങൾ

# ദഹനം



- വയറിളക്കം
- വയറുവേദന

ലക്ഷണങ്ങൾ

# മറ്റുള്ളവ



- സന്ധി അല്ലെങ്കിൽ പേശി വേദന
- തിണർപ്പ്
- ആർത്തവചക്രത്തിലെ മാറ്റങ്ങൾ

This publication was made possible by cooperative agreement CDC-RFA-IP21-2106 from the Centers for Disease Control and Prevention (CDC) of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not represent the official views of CDC/HHS.